# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 891 | 13.06.2012-ൽ മറുപടിയ്ക്ക്

### പെരുങ്ങോട്ടുകുറിശ്ശി മോഡൽ റെസിഡൻഷ്യൽ സ്കൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പെരിങ്ങോട്ടുകുറിശ്ശി മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ (പഴയ കുഴൽമന്ദം) നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; ഏത് ശീർഷകത്തിലാണ് ഈ തുക അനുവദിച്ചിരിക്കുന്നത്; കൺസൾട്ടന്റ് ആയ കിറ്റ്കോ എത്ര രൂപയ്ക്കാണ് നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ നൽകിയിട്ടുള്ളത്; | (എ) പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണത്തിനായി 1052.61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. "4225-01-277-93 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം" എന്ന ശീർഷകത്തിലാണ് തുക അനുവദിച്ചിരുന്നത്. പ്രസ്തുത നിർമ്മാണ പ്രവൃത്തി കിറ്റ്കോ 8,67,59,257.77 രൂപയ്ക്ക് ടെണ്ടർ നൽകിയിട്ടുണ്ട്. |
| (ബി) കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) സ്കൂൾ ബിൽഡിംഗിന്റെ 1-ാം നിലയുടെ കോൺക്രീറ്റ് പൂർത്തിയായി. ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയായി, ഇതിന്റെ പെയിന്റിംഗ് ഫിനിഷിംഗ് ജോലി എന്നിവ നടന്നു വരുന്നു. കാന്റീൻ ബിൽഡിംഗ് പൂർത്തിയായി, ഇതിന്റെ ഫിനിഷിംഗ് ജോലി നടന്നുവരുന്നു. ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 17/01/2013 ന് നിർമ്മാണം പൂർത്തീകരിക്കുമെന്നാണ് എഗ്രിമെന്റ് വെച്ചിരിക്കുന്നത്. |
| (സി) ഇലക്ട്രിക്കൽ ജോലികൾ കിറ്റ്കോ നൽകിയ ടെണ്ടറിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേകം ടെണ്ടർ നൽകിയിട്ടുണ്ടോ; പ്രസ്തുത പണികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (സി) കിറ്റ്കോ നൽകിയ ടെണ്ടറിൽ ഇലക്ട്രിക്കൽ ജോലികൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പണികൾ ആരംഭിച്ചിട്ടുണ്ട്. |

(...........2)

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുളള തുക പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പട്ടികജാതി വകുപ്പിന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര രൂപ ഏതൊക്കെ തീയതികളിൽ കരാറുകാരന്റെ ബില്ലു പ്രകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. പി.ഡബ്ളിയു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലക്കാടിന്റെ 13/3/2012- ലെ എ4-361/11 നമ്പർ ഉത്തരവ് പ്രകാരം 96,25,679/- രൂപയും 15/3/2012 -ലെ എ4-361/11 നമ്പർ ഉത്തരവ് പ്രകാരം 2,23,45,905/- രൂപയും 30/3/2012 ലെ എ4-361/11 നമ്പർ ഉത്തരവ് പ്രകാരം 13,78,765/- രൂപയും 15290 -ാം നമ്പർ TSB അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. (ആകെ 3,33,50,349/-) ഇതിൽ നിന്നും കോൺട്രാക്ടർ ആയ അമ്മു കൺസ്ട്രക്ഷൻ കമ്പനിക്ക് 19/3/2012 ൽ 2,91,71,551/- രൂപയും വിവിധ ടാക്സ് ഇനത്തിൽ 19/3/2012 ന് 11,23,999/- രൂപയും 28/3/2012 ന് 1,10,044/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ 2,91,71,551 +11,23,999+1,10,044= 3,04,05,594/-) Retention money ഇനത്തിൽ 16,75,993/- രൂപ TSB അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. കൂടാതെ 11/6/2012 ലെ സ.ഉ.(സാധാ) നമ്പർ: 5774/12/ധന പ്രകാരം 92,15,760/- രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുകയും 15290-ാം നമ്പർ TSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്.

(ഇ) പ്രസ്തുത ഹെഡിൽ പണമില്ലാത്തതിനാൽ ബിൽ തുക മാറാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ പണി പൂർത്തിയാകുന്ന മുറയ്ക്ക് ബിൽ തുക മാറി നൽകാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

(ഇ) ഇല്ല. പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകൾ കൺസൾട്ടന്റായ കിറ്റ്കോ സമർപ്പിക്കുന്ന മുറയ്ക്ക് പി.ഡബ്ളിയു.ഡി ഹെഡിൽ നിന്നും തുക ലെറ്റർ ഓഫ് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനായി നടപടി സ്വീകരിക്കുന്ന താണ്.

സെക്ഷൻ ഓഫീസർ